LIBRARY ARCHIVES Kerala Legislative Assembly

കല്ലട ഇറിഗേഷൻ പദ്ധതിയുടെ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ റോഡുകൾ

129 (8189) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കല്ലട ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ എത്ര കിലോമീറ്റർ ദൈർഘ്യമുള്ള റോഡുകൾ ഉണ്ട് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി എത്ര രൂപ അനുവദിച്ചിരുന്നു ; നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത റോഡുകളിൽ ഇനിയും നവീകരണം നടത്തേണ്ട ഭാഗങ്ങൾക്ക് ആവശ്യമായ തുക അനുവദിക്കുമോ ?

ഉത്തരം

(എ) 37.03 കിലോമീറ്റർ.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി 10 ലക്ഷം രൂപ അനുവദിച്ചു. ഈ തുക ഉപയോഗിച്ച് കെ.ഐ.പി. ഓയൂർ കനാൽ മെയിന്റനൻസ് ഓഫ് ലിങ്ക് റോഡ് ചെയിനേജ് 6928 മീ. മുതൽ 8088 വരെ എന്ന പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

(സി) ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തികളുടെ മുൻഗണനാക്രമവും അനുസരിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

ജലമണി പദ്ധതി

130 (8190) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഗ്രാമീണ മേഖലയിലെ വിദ്യാലയങ്ങളിൽ കുട്ടികൾക്ക് ശുദ്ധമായ കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള ജലമണി പദ്ധതിയിക്ക് എത്ര തുകയാണ് അനുവദിച്ചത് ; ഏത് വർഷമാണ് അനുവദിച്ചത് ;

(ബി) പദ്ധതി നടത്തിപ്പിനായി എത്ര സ്കൂളുകളെ തെരഞ്ഞെടുക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത് ; എത്ര സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുകയുണ്ടായി ;

(സി) 2009-ൽ ജലമണി പദ്ധതിയുടെ ഫണ്ട് ലഭിച്ചിട്ടും ലക്ഷ്യമിട്ട സ്കൂളുകളിൽ ഇതുവരെയും പദ്ധതി നടപ്പിലാക്കുവാൻ കഴിയാതെ വന്നതെന്തു കൊണ്ടാണെന്നറിയിക്കുമോ ;

(ഡി) പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുവാൻ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗ്രാമീണ മേഖലയിലെ വിദ്യാലയങ്ങളിൽ കുട്ടികൾക്ക് ശുദ്ധമായ കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള ജലമണി പദ്ധതിക്ക് 2,56,40,000 രൂപ (രണ്ട് കോടി അമ്പത്തിയാറ് ലക്ഷത്തി നാല്പതിനായിരം രൂപ) 2009-ലാണ് അനുവദിച്ചത്.

(ബി) പദ്ധതി നടത്തിപ്പിനായി 1282 സ്കൂളുകളെ തെരഞ്ഞെടുക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. ആകെ 894 സ്കൂളുകളിൽ പദ്ധതി നടപ്പിൽവരുത്തി.

(സി & ഡി) ജലമണി പദ്ധതി രണ്ടു ഘട്ടങ്ങളിലായി നടപ്പിലാക്കുവാനാണ് സർക്കാർ തീരുമാനിച്ചത്. ഇതിനായി 27-8-2010-ൽ ദർഘാസുകൾ വിളിച്ചു. ദർഘാസ് പ്രകാരം രണ്ട് കമ്പനികളെ (1. മെമ്മറൈൻ ഫിൽറ്റേഴ്സ്, പൂന. 2. അമര അക്വാസിസ്റ്റം, ഈറോഡ്) തെരഞ്ഞെടുത്തുവെങ്കിലും product liability insurance ഇല്ലാത്തതിന്റെ പേരിൽ രണ്ടാമത്തെ കമ്പനിയെ ഉപേക്ഷിക്കുകയും മെമ്മറൈൻ ഫിൽറ്റേഴ്സിന് 31-1-2011-ൽ സപ്ലൈ ഓർഡർ നൽകുകയുമുണ്ടായി. അവർ 396 സ്കൂളുകളിൽ ഫിൽറ്റർ യൂണിറ്റുകൾ സ്ഥാപിച്ചു. രണ്ടാം ഘട്ടത്തിൽ 886 സ്കൂളുകളിൽ ഫിൽറ്റർ യൂണിറ്റുകൾ സ്ഥാപിക്കുവാനായി ടെണ്ടർ വിളിച്ചുവെങ്കിലും ആരും ദർഘാസ് സമർപ്പിച്ചില്ല. വീണ്ടും ദർഘാസ് വിളിച്ചപ്പോൾ ഒരു കമ്പനി മാത്രമേ ദർഘാസ് സമർപ്പിച്ചുള്ളൂ. ഈ കമ്പനി തമിഴ്നാട് സ്കൂളുകളിൽ ഫിൽറ്റർ യൂണിറ്റുകൾ സ്ഥാപിച്ചതായതിനാൽ അവിടെയുള്ള യൂണിറ്റുകളുടെ പ്രവർത്തന നിലവാരം പഠിക്കുവാനായി രണ്ട് ഓഫീസർമാരെ ഏൽപ്പിക്കുകയും അവരുടെ റിപ്പോർട്ട് പ്രകാരം പ്രസ്തുത കമ്പനിയുടെ ഫിൽറ്ററുകളിൽ നിന്നുള്ള ജലത്തിന്റെ ഗുണനിലവാരം മോശമാണെന്നു കണ്ടെത്തുകയാൽ പ്രസ്തുത ടെണ്ടർ റദ്ദാക്കുകയും അതിനുശേഷം കേന്ദ്ര സർക്കാരിന്റെ വെണ്ടേഴ്സ് ലിസ്റ്റിലുള്ള ഒമ്പതു കമ്പനികളെ അവരുടെ പ്രോഡക്ടിനെപ്പറ്റി പഠിക്കുവാനായി വിളിക്കുകയും ചെയ്തു. അതിൽ പ്രതികരിച്ച മൂന്നു കമ്പനികളുടെ ഫിൽറ്ററുകൾ ഓരോ സ്കൂളിനും അനുയോജ്യമായ പ്രോഡക്ട് സെലക്ട് ചെയ്യുവാനായി അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തുകയുണ്ടായി. ഇപ്രകാരം 498 സ്കൂളുകളിൽ 730 ഫിൽറ്റർ യൂണിറ്റുകൾ സ്ഥാപിക്കുകയുണ്ടായി.

പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുവാനായി സ്റ്റേറ്റ് ലവൽ കമ്മിറ്റി രൂപീകരി ച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly